**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1914** | **29-07-2021 - ൽ മറുപടിയ്ക്ക്**

**മൂല്യവർദ്ധിത ഉത്പന്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പരമ്പരാഗതമായി വ്യവസായത്തിന് മൂല്യം കണ്ടെത്തുന്ന സുഗന്ധദ്രവ്യങ്ങൾ, മൽസ്യം, മറ്റ് കാർഷിക വിഭവങ്ങൾ മുതലായ ഉത്പന്നങ്ങളുടെ ഉത്പാദനത്തെ ത്വരിതപ്പെടുത്തുന്നതിന് സർക്കാർ അനുബന്ധ വ്യവസായ പാർക്കുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (എ) | കിൻഫ്രയുടെ ഉടമസ്ഥതയിൽ കാർഷിക വിഭവങ്ങളുടെ മൂല്യ വർദ്ധന ഉത്പാദനത്തെ ത്വരിതപ്പെടുത്തുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ നിലവിലുണ്ട്. 1.ഭക്ഷ്യസംസ്കരണ പാർക്ക്, കാക്കഞ്ചേരി, മലപ്പുറം 2.കാർഷിക ഭക്ഷ്യ സംസ്കരണത്തിനായുള്ള പ്രത്യേക സാമ്പത്തിക മേഖല – മലപ്പുറം. 3.ഭക്ഷ്യ സംസ്കരണ പാർക്ക്, അടൂർ 4.ഭക്ഷ്യ സംസ്കരണ മേഖല, കിൻഫ്ര വ്യവസായ പാർക്ക് - മഴവന്നൂർ 5.മെഗാ ഫുഡ് പാർക്ക്, പാലക്കാട് 6.സീ-ഫുഡ് പാർക്ക് അരൂർ, ആലപ്പുഴ കൂടാതെ കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് താലൂക്കിൽ പുതുക്കൈ വില്ലേജിലെ 8.95 ഏക്കർ ഭൂമിയും മടിക്കൈ വില്ലേജിലെ 91.03 ഏക്കർ ഭൂമിയും ഉൾപ്പെടെ 99.98 ഏക്കർ ഭൂമി വ്യവസായ പാർക്കായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടി വ്യവസായ പാർക്കിൽ ഭക്ഷ്യ സംസ്കരണ കാർഷിക ഉത്പന്നാധിഷ്ഠിത വ്യവസായങ്ങളുമായി ബന്ധപ്പെട്ട് മെഗാഫുഡ് പാർക്ക്, നാളികേരാനുബന്ധ വ്യവസായങ്ങൾ എന്നിവ തുടങ്ങുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ